## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2028 — 19.06.2012-ലെ മറുപടിയ്ക്ക്

### പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പ എഴുതിത്തള്ളൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകളിൽ ഇരുപത്തി അയ്യായിരം രൂപവരെ എഴുതിത്തള്ളാൻ നേരത്തെയുണ്ടായിരുന്ന സഹകരണ ബാങ്കുകളുടെ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;<br>(ബി) എസ്.സി/എസ്.ടി. വിഭാഗങ്ങളെ സഹായിക്കുന്ന ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്; വ്യക്തമാക്കാമോ? | (എ) & (ബി) ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതി/ പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ ജന വിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.3.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകളിൽ 25,000 രൂപ വരെയുള്ളത് പലിശയും പിഴപ്പലിശയും ഉൾപ്പെടെ എഴുതി തള്ളുന്നതിനും അതിനു മുകളിലുള്ള തുകയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നതിനും 12.11.2009 ലെ സ.ഉ.(അച്ചടി) 100/09/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി പദ്ധതി നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി 30.6.2012 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ